# പതിമൂന്നാം കേരളനിയമസഭ
# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4032** — **03/02/2014-ൽ മറുപടിക്ക്**

## സൗജന്യ മരുന്ന് വിതരണത്തിന് എടുത്ത നടപടികൾ

**ചോദ്യം** — **മറുപടി**

**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ സൗജന്യ മരുന്ന് വിതരണത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്ത നടപടികൾ വിശദമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മന്ത്രിസഭയുടെ ഒന്നാം വാർഷികത്തിൽ ആശുപത്രികളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സൗജന്യമായി വിതരണം ചെയ്യുന്ന അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾക്കു പുറമേ വ്യാപകമായി ഉപയോഗിക്കുന്നതും എന്നാൽ അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ 314 ഇനം മരുന്നുകളുടെ ഒരു പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന ആദായ നികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും ലഭ്യമാക്കുവാനുള്ള പദ്ധതിയുടെ ആദ്യഘട്ടം 2012 നവംബർ 1 ന് ഉത്ഘാടനം ചെയ്യപ്പെട്ടു. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികളിലുമാണ് ഈ പദ്ധതി ആരംഭിച്ചത്. 2013 ഒക്ടോബർ 2 ന് സംസ്ഥാനം ഒട്ടാകെ പ്രസ്തുത പദ്ധതി വ്യാപിപ്പിച്ചു.<br>കൂടാതെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന പാവപ്പെട്ട കാൻസർ രോഗികൾക്ക് മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാൻസർ രോഗ ചികിത്സയ്ക്കുള്ള 107 ഇനം മരുന്നുപട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | 2014-15-ന്റെ ഇൻഡന്റിൽ കുറച്ച് മരുന്നുകൾ ഒഴിവായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | മുൻ വർഷങ്ങളിൽ ഉപയോഗിച്ചു കൊണ്ടിരുന്ന മരുന്നുകളിൽ വ്യാപകമായി ഉപയോഗിക്കാത്തതും, ചില മരുന്നുകളുടെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസം, ഒരു ലിസ്റ്റിൽ വരുന്ന മരുന്നുകൾ പല സ്ട്രെംങ്ങ്തിൽ മറ്റു ലിസ്റ്റുകളിലും ലഭ്യമാണ് തുടങ്ങിയ കാരണങ്ങളാലാൽ ആരോഗ്യ വകുപ്പിന്റേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പന്റേയും ഡയറക്ടർമാരുടെ നിർദ്ദേശമനുസരിച്ചാണ് മരുന്നു പട്ടിക പരിഷ്ക്കരിച്ചത്. ഇതിനായി കോർപ്പറേഷൻ ആസ്ഥാനത്ത് 07.10.2013 മുതൽ 20.10.2013 വരെ ആരോഗ്യവകുപ്പിലെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ഡോക്ടർമാരുടെ വകുപ്പുതല-വിദഗ്ദ്ധ സമിതി കൂടുകയുണ്ടായി. ഇതേ ഉദ്ദേശത്തിൽ എല്ലാ ജില്ലാതലങ്ങളിലും 22.10.2013 മുതൽ 01.11.2013 വരെ ഡോക്ടർമാർ, സ്റ്റോർ സൂപ്രണ്ടുമാർ, ഫാർമസിസ്റ്റുകൾ തുടങ്ങിയവരും കൂടിയാലോ |

| | | | |
|---|---|---|---|
| | | | ചനകൾ നടത്തുകയുണ്ടായി. സംസ്ഥാനത്തെ കാൻസർ രോഗചികിത്സാ വിഭാഗത്തിലെ ഡോക്ടർമാരുടെ യോഗം 26.09.2013-ൽ കോർപ്പറേഷൻ ആസ്ഥാനത്ത് കൂടി നിലവിലുള്ള കാൻസർ മരുന്നുകളുടെ പട്ടിക വിലയിരുത്തി. മേൽപറഞ്ഞ പ്രകാരം തയ്യാറാക്കിയ മരുന്നു പട്ടികയനുസരിച്ച് കാൻസർ രോഗ ചികിത്സയ്ക്കുള്ള 73 മരുന്നുകൾ ഉൾപ്പെടെ 771 മരുന്നുകൾ മാത്രം വിതരണം ചെയ്യേണ്ട ആവശ്യമേ നിലവിലുള്ളൂ എന്ന് കണ്ടെത്തുകയുണ്ടായി. കാൻസർ രോഗ ചികിത്സയ്ക്കുള്ള ചില വിലകൂടിയ ഇനം മരുന്നുകൾ കോർപ്പറേഷന്റെ മരുന്നു പട്ടികയിൽ നിന്നും നീക്കം ചെയ്തെങ്കിലും അവ സർക്കാരിന്റെ മറ്റു പദ്ധതികൾ പ്രകാരം സൗജന്യമായിത്തന്നെ (കാരുണ്യാ ബെനവലന്റ് ഫണ്ട് മുതലായ പദ്ധതികളിലൂടെ) രോഗികൾക്ക് നൽകാനാകും എന്നും കമ്മിറ്റി വിലയിരുത്തി. ഇതനുസരിച്ച് ജനറൽ മരുന്നു പട്ടികയിലെ 698 ഇനം മരുന്നുകളും, കാൻസർ രോഗ ചികിത്സയ്ക്കുള്ള 73 ഇനം മരുന്നുകളും ഉൾപ്പെടെ 771 ഇനം മരുന്നുകളാണ് 2014-15 സാമ്പത്തിക വർഷത്തിൽ സംഭരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ